## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4780 — 22/03/2018-ൽ മറുപടിക്ക്

### കാസർഗോഡ് ജില്ലയിൽ അണ്ടർ ഗ്രൗണ്ട് കേബിളിംഗ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | | ശ്രീ. എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | കേരളത്തിൽ വൈദ്യുതി വിതരണത്തിന് എവിടെയെല്ലാമാണ് യു.ജി.സി (അണ്ടർ ഗ്രൗണ്ട് കേബിളിംഗ്) ഉള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ 11 KV വിതരണ ശൃംഖലയ്ക്ക് യു.ജി.സി സ്ഥാപിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ കാസർഗോഡ്, കാഞ്ഞങ്ങാട് ടൗണുകളിലും, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ, ആലപ്പുഴ, ഇടുക്കി, കോട്ടയം, കൊല്ലം, ജില്ലകളിലുമായി ഭാഗികമായി 11 KV വിതരണ ശൃംഖലയ്ക്ക് ഭൂഗർഭ കേബിളുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | യു.ജി.സി -യുള്ള എല്ലായിടങ്ങളിലും ആർ.എം.യു (റിംങ് മെയിൻ യൂണിറ്റ്) സ്ഥാപിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | RMU (റിംഗ് മെയിൻ യൂണിറ്റ്) ഇതുവരെ സ്ഥാപിച്ചിട്ടുള്ളത്, കേരളത്തിലെ 3 SCADA സംവിധാനമുള്ള ടൗണുകളായ കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം നഗരങ്ങളിലാണ്. |
| (സി) | യു ജി സി -യുള്ള ഇടങ്ങളിൽ ആർ എം യു സ്ഥാപിച്ചാലുള്ള ഗുണം എന്താണെന്ന് വ്യക്തമാക്കാമോ; | (സി) | SCADA ടൗണുകളിൽ RMU വിന് വിദൂര നിയന്ത്രണം സാധ്യമാണ്. കൂടുതൽ സുരക്ഷിതമായ പ്രവർത്തനം, കുറഞ്ഞ വൈദ്യുതി തടസ്സം എന്നിവയും RMU വിന്റെ ഗുണങ്ങളിൽ ഉൾപ്പെടും. |
| (ഡി) | കാസർഗോഡ് ജില്ലയിൽ എവിടെയെല്ലാം യു ജി സി - യുണ്ടെന്നും അവിടങ്ങളിലെല്ലാം ആർ എം യു സ്ഥാപിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; | (ഡി) | കാസർഗോഡ് ജില്ലയിൽ കാസർഗോഡ്, കാഞ്ഞങ്ങാട് ടൗണുകളിൽ UG കേബിളുകൾ സ്ഥാപിച്ചിട്ടുണ്ട്. APDRP, IPDS എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി 19.1 km. UG Cable ഇതുവരെ കാസർഗോഡ് ജില്ലയിൽ സ്ഥാപിച്ചിട്ടുണ്ട്. പക്ഷേ RMU സ്ഥാപിച്ചിട്ടില്ല. |
| (ഇ) | ഇല്ലെങ്കിൽ ആർ എം യു സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ; | (ഇ) | 2018-22 പദ്ധതി കാലയളവിൽ 136 RMU കൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു. |
| (എഫ്) | ആർ എം യു സ്ഥാപിക്കാനുള്ള സാമ്പത്തിക ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ? | (എഫ്) | RMU സ്ഥാപിക്കുന്നതിനായി ഒരെണ്ണത്തിന് ഉദ്ദേശം 7.5 ലക്ഷം രൂപ ചിലവാകും. |

സെക്ഷൻ ഓഫീസർ